V. അരമണിക്കൂർ ചർച്ച

നാളികേരത്തിന്റെ വിലയിടിവ്

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, 1986 മാർച്ച് 17-ാം തീയതിയിലെ രണ്ടാമത്തെ ചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി പറഞ്ഞ മറുപടി നമ്മുടെ സംസ്ഥാനത്തെ ഏറ്റവും ഗുരുതരമായ, ഉദ്ദേശം 32 ലക്ഷത്തോളം വരുന്ന ദരിദ്രർും ചെറുകിടക്കാരുമായ കൃഷിക്കാരെ ബാധിക്കുന്ന പ്രശ്നത്തെ സംബന്ധിച്ചുള്ളതാണ്. അതുകൊണ്ടാണ് ഞാൻ ഈ പ്രശ്നം ഉന്നയിക്കുന്നത്. അദ്ദേഹം മറുപടിയിൽ ആദ്യമായി പറഞ്ഞത് വെളിച്ചെണ്ണയുടെ ഇറക്കുമതി പൂർണ്ണമായും നിറുത്തിയിരിക്കുന്നതായി കേന്ദ്രമന്ത്രി അറിയിച്ചു എന്നാണ്. സർ, 1984-ലെ കയറ്റുമതി പ്രോത്സാഹന വകുപ്പനുസരിച്ച് കയറ്റി അയയ്ക്കുന്ന സാധനങ്ങളുടെ വിലയുടെ പത്തു ശതമാനത്തോളം വരുന്ന സംഖ്യക്ക് ആ സാധനങ്ങളുടെ ഇൻഗ്രീഡിയൻറായിട്ടുള്ള സാധനങ്ങൾ ഇറക്കുമതി ചെയ്യാം. ആ വകുപ്പനുസരിച്ച് നമ്മുടെ രാജ്യത്ത് ടാറ്റാ, ലിവർ ബ്രദേഴ്സ്, ജെയിൻ ആൻറ് കമ്പനി തുടങ്ങിയ ഇൻഡ്യയിലെ 11 കുത്തക കമ്പനികൾ സ്റ്റേഷ്ടം സംസ്ക്കരിക്കാത്ത വെളിച്ചെണ്ണയും ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി എപ്പോഴും ഈ കാര്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ശ്രീ. ഭൂട്ടാസിംഗ് പറഞ്ഞു ഇറക്കുമതിയില്ല, ഞാൻ ഡെൽഹിയിൽപോയപ്പോൾ ഇറക്കുമതി ചെയ്യുകയില്ല എന്നു പറഞ്ഞു എന്ന് പറയുന്നതല്ലാതെ ഈ വസ്തുതകളെക്കുറിച്ച് യാഥാർത്ഥബോധത്തോടുകൂടി ഒരന്വേഷണം നടത്താൻ തയ്യാറാകുന്നില്ല എന്നതാണ് ഖേദകരമായിട്ടുള്ള വസ്തുത. കഴിഞ്ഞ ആഴ്ച കേരളത്തിലെ കൊപ്രാവ്യാപാരികളുടെ സംഘടനയുടെ നേതാവായ ആലപ്പുഴയിലെ മാത്യുഅടയാടി (കേരളാ കോൺഗ്രസിന്റെ ഉന്നതനായ ഒരു നേതാവ്) യുടെ ഒരു പ്രസ്താവന വന്നിരുന്നു. യഥേഷ്ടം ഇറക്കുമതി ചെയ്ത വെളിച്ചെണ്ണ കച്ചവടത്തിനുവേണ്ടി ബൊംബേയിൽ ഇവർ തയ്യാറാക്കിവച്ചിരിക്കുന്നു. അവരുടെ സ്വന്തം വ്യവസായാവശ്യങ്ങൾക്കുവേണ്ടി മാത്രമല്ല ആവശ്യക്കാർക്ക് കൊടുക്കുകയും ചെയ്യും. സർക്കാരിന് താൽപ്പര്യമുണ്ടെങ്കിൽ ഏതേതു കമ്പനികളിൽ ഏതേതു നമ്പർ ടാങ്കുകളിലാണ് അത് സൂക്ഷിച്ചിരിക്കുന്നത് എന്നുവരെയുള്ള വിവരം കൊടുക്കാൻ ഞാൻ തയ്യാറാണെന്ന് അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ കെട്ടുറപ്പുള്ള ഐക്യകക്ഷിയുടെ നേതാവായതുകൊണ്ട് അദ്ദേഹം മുഖേനയെങ്കിലും ഈ വിവരം എന്താണെന്ന് മുഖ്യമന്ത്രി ഒന്ന് അന്വേഷിക്കുന്നത് കൊള്ളാം. ശ്രീ. ഭൂട്ടാസിംഗ് ഇറക്കുമതി ചെയ്യുകയില്ല എന്നു പറഞ്ഞുവെന്ന് ഇവിടെ വന്നു പറഞ്ഞ് ആശ്വസിപ്പിക്കുന്നതുകൊണ്ടായില്ല. ഇറക്കുമതി ചെയ്യുന്ന വെളിച്ചെണ്ണ കൊണ്ടാണ് ഇൻഡ്യയിലെ സോപ്പുനിർമ്മാണംപോലെയുള്ള ബഹുഭൂരിപക്ഷം ആവശ്യങ്ങളും നിർവ്വഹിക്കപ്പെടുന്നത്. ഈ വസ്തുത രഹസ്യമല്ല. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനായാലും കഴിഞ്ഞ ആഴ്ച സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ ജയ്ഹിന്ദ് ഓയിൽമിൽസ്, രാജാ ഓയിൽമിൽസ്, ലിബർട്ടി ഓയിൽമിൽസ് തുടങ്ങിയ ബോംബെയിലെ കുത്തക ഓയിൽമിൽ കമ്പനികളുമായി, ഈ വിൽപ്പന നടത്തുന്നതിനെ സംബന്ധിച്ച് നെഗോഷിയേറ് ചെയ്തു. കച്ചവടം നടന്നില്ല. എസ്. ടി. സി. യുടെ പ്രമുഖൻമാർക്ക് അവർ ആവശ്യപ്പെട്ട കമ്മീഷൻ കൊടുത്തില്ല എന്ന ഒറ്റ കാരണംകൊണ്ടാണ് ആ ചരക്ക് റിലീസാകാതിരുന്നത്. അത് കെട്ടിക്കിടക്കുകയാണ്. ഈ ഇറക്കുമതി ഇല്ല ഇല്ല എന്നു ജപിക്കുന്നതിനുപകരം ഇറക്കുമതിക്കെതിരായി കേരളത്തിലെ ജനങ്ങളെയാകെ, കാർഷികമേഖലയെയാകെതന്നെ തകർക്കുന്ന ഈ വസ്തുതയ്ക്കെതിരായി ഈ രാജ്യത്തെ മുഴുവൻ ജനങ്ങളുടേയും വികാരം കേന്ദ്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിഫലിപ്പിക്കാനും കയറ്റുമതിയുടെ ഇൻസെന്റീവായി കൊടുക്കുന്ന സാധനങ്ങളിൽ സംസ്കരിച്ചതോ ക്രൂഡോ ആയ വെളിച്ചെണ്ണ നിരോധിക്കാനും കഴിയണം. എങ്കിൽ മാത്രമേ രക്ഷയുള്ളൂ. ഈ കാര്യത്തെക്കുറിച്ച് പ്രതിപക്ഷ എം.എൽ.എ. മാരുടെ ധർണക്കുശേഷം കേന്ദ്രഗവൺമെന്റ് അഗ്രികൾച്ചറൽ മിനിസ്ട്രിയുടേയും ധനകാര്യവകുപ്പിലെയും ഉന്നതൻമാരെ വിളിച്ചുകൂട്ടിയ യോഗത്തിൽ ഈ രാജ്യത്തെ 32 ലക്ഷം കർഷകരെ ബാധിക്കുന്ന പ്രശ്നത്തെ കുറിച്ചുള്ള ചർച്ചയിൽ പങ്കെടുക്കുന്നതിന് നമ്മുടെ മുഖ്യമന്ത്രിക്ക് കഴിഞ്ഞില്ല. ചോദ്യോത്തരവേളയിൽ അദ്ദേഹം പറഞ്ഞത് മന്ത്രി തലത്തിലുള്ള സമ്മേളനമല്ല, മന്ത്രിതലത്തിൽ ഈ കാര്യം ഞാൻ പണ്ടേ പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് പോയില്ല എന്നാണ്. കേരളാ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് അവിടെ പങ്കെടുത്ത അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ശ്രീ. ഗോപാലൻ പറഞ്ഞത് മുഖ്യമന്ത്രിയുടെ ബന്ധുവിനാർക്കോ അത്യാപത്തായതുകൊണ്ട് വരാൻ കഴിയില്ലെന്ന് അറിയിച്ചതായിട്ടാണ്. ആ സമ്മേളനത്തിൽ ശ്രീ. നായനാരും മറ്റുമൊക്കെ പങ്കെടുത്തിരുന്നു. അവർക്കറിയാം എന്താണ് അവിടെ പറഞ്ഞതെന്ന്. ഞാൻ പത്രത്തിൽ വായിച്ചയാണ്. ഏതായാലും ഇത്രയധികം സഞ്ചരിക്കുന്ന ഒരു മുഖ്യമന്ത്രി വേറൊരു സംസ്ഥാനത്ത് കാണുമോ എന്നുള്ള കാര്യം സംശയമാണ്. എല്ലാ അത്യാവശ്യകാര്യങ്ങൾക്കും അങ്ങ് ഹെലികോപ്ടറിലും വിമാനത്തിലുമായി ഓടി എത്തേണ്ടതാണ്. പക്ഷേ 32 ലക്ഷംവരുന്ന കേരളത്തിലെ കൃഷിക്കാരെ പാപ്പരാക്കിയ, ഈ സംസ്ഥാനത്തിലെ സാമ്പത്തികസ്ഥിതിയെ ഇത്രയും പാപ്പരാക്കിയ ഈ കാര്യത്തെക്കുറിച്ച് ആലോചിക്കുന്ന യോഗത്തിൽ പങ്കെടുക്കാനുള്ള ധാർമ്മികമായ ബാദ്ധ്യതപോലും നിറവേറ്റാൻ കഴിയാത്ത അങ്ങ് ഈ രാജ്യത്തെ കൃഷിക്കാരുടെ അന്തകനാണ്, ദ്രോഹിയാണ്, ഈ സംസ്ഥാനമുഖ്യമന്ത്രിയാണെന്ന് പറയാൻ അർഹതയില്ലാത്തവനാണ് എന്നാണ് ആ സംഗതി കൊണ്ട് തെളിഞ്ഞത്.

അങ്ങ് ആ ചോദ്യത്തിന് മറുപടിയായി രണ്ടാമത് പറഞ്ഞത് കൊപ്രാ സംഭരണത്തെ സംബന്ധിച്ചാണ്. കൊപ്രാസംഭരണം പൂർണ്ണമായി നടത്തുമെന്നു പറഞ്ഞു. ആദ്യം അങ്ങ് പറഞ്ഞു മാർക്കറ്റിംഗ് ഫെഡറേഷൻ വഴി കൊപ്ര സംഭരിക്കുമെന്ന്. നമ്മുടെ സംസ്ഥാനത്ത് നാല് ലക്ഷം ടൺ കൊപ്ര പ്രതിദിനം മാർക്കറ്റിൽ വരുന്നു. മുഖ്യമന്ത്രി നിശ്ചയിച്ച 1,200 രൂപയുടെ തോത് വച്ച് ആ കൊപ്ര മുഴുവൻ വാങ്ങിക്കണമെങ്കിൽ 600 കോടി രൂപ വേണം. കൊപ്ര മുഴുവൻ സംഭരിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചപ്പോൾ റിസർവ് ബാങ്ക് 20 കോടി രൂപയുടെ ബാങ്ക് ഗ്യാരൻറിയാണ് അനുവദിച്ചത്. എന്തിന് 600 കോടി രൂപയുടെ കൊപ്ര വാങ്ങിക്കാൻ സംഖ്യ കുറച്ച് മാർക്കറ്റിംഗ് ഫെഡറേഷനുകൊടുത്തു. 11,000 ടൺ കൊപ്ര അവർ സംഭരിച്ചു. എന്നിട്ട് സംഭരിച്ച കൊപ്രായുടെ കണക്കുമില്ല, കൊടുത്തത് എവിടെയാണെന്നുമില്ല, ബാക്കി കാശിന്റെ കണക്കുമില്ല. അതിനുശേഷം നാഫെഡിനെ ഏൽപ്പിച്ചു. റിസർവ് ബാങ്ക് പറഞ്ഞു ഒരു സംസ്ഥാനത്ത് രണ്ട് ഏജൻസികൾക്ക് ഒരേ ആവശ്യത്തിന് പണം അനുവദിക്കാൻ സാധ്യമല്ലെന്ന്. നാഫെഡിന് കൊടുത്ത കാശും കൊപ്രായുടെ കണക്കുംവച്ചാൽ പിന്നീട് നാഫെഡിന് പണം കൊടുക്കാമെന്ന് പറഞ്ഞു. കൊടുത്തില്ല. ഇപ്പോൾ നാഫെഡ് കൊപ്ര വാങ്ങിക്കുന്നില്ല. കഴിഞ്ഞ രണ്ടു മൂന്നു ദിവസങ്ങളായി കേരളത്തിലെ ഏറ്റവും വലിയ കൊപ്രായുടെ മാർക്കറ്റായ ആലപ്പുഴയിലും കാലിക്കട്ടിലും ഒരു കഷ്ണം കൊപ്രപോലും നാഫെഡ് സംഭരിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. കൊപ്ര മാർക്കറ്റ് പൂട്ടിക്കിടക്കുകയാണ്. വാങ്ങിക്കാനാളില്ല. മുഖ്യമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

കണക്കനുസരിച്ച്തന്നെ വാങ്ങിച്ചത് 8,000 ണ്ണാണ്. ഈ 8,000 ടൺ കൊപ്ര സംഭരിച്ചപ്പോഴും മുഖ്യമന്ത്രി നാളികേര വികസനകോർപ്പറേഷനോട് കൊപ്ര വാങ്ങിക്കരുതെന്ന് പറഞ്ഞു. ചോദ്യോത്തരവേളയിൽ അദ്ദേഹം പറഞ്ഞു അങ്ങനെ കൽപ്പന കൊടുത്തിട്ടില്ല എന്ന്. ഞാൻ അതിന്റെ ഒരു കോപ്പി സഭയുടെ അറിവിനായി വായിക്കാം. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ നേതൃത്വത്തിൽ മാർക്കറ്റിംഗ് ഫെഡറേഷന്റെ ചെയർമാനേയും അഗ്രികൾച്ചറൽ സെക്രട്ടറിയേയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരേയും വിളിച്ചുകൂട്ടി 18-9-1985-ൽ 5.30-ന് കൂടിയ കോൺഫറൻസിന്റെ തീരുമാനങ്ങളാണ്. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, ചെയർമാൻ കേരളാസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ, സെക്രട്ടറി കോ-ഓപ്പറേഷൻ ആൻറ് ട്രാൻസ്പോർട്ട്, രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് തുടങ്ങിയവർ ഹാജരായിരുന്നു. ഫസ്റ്റ് പാരായിലെ ലാസ്റ്റ് സെൻറൻസ് ഇതാണ്. Agricultural Production Commissioner recalled the decisions already taken that Coconut Development Co-poration should not purchase copra from outside. നമ്മുടെ മുഖ്യമന്ത്രി പറഞ്ഞത് ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല, നിർദ്ദേശം കൊടുത്തിട്ടില്ല എന്നാണ്

എന്താണ് സർ ഇതിന്റെ അർത്ഥം ? കൊപ്രയുടെ വിലയിടിവിനു മുമ്പും അതിനുതൊട്ടടുത്തവർഷവും 9,798-ൽ ശിഷ്ടം ടൺ കൊപ്രയാണ് കോക്കനട്ട് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ വാങ്ങിച്ചത്. അവരോട് വാങ്ങിക്കരുതെന്ന് പറഞ്ഞു. പകരം വേറൊരു ഏജൻസിയെക്കൊണ്ട് വാങ്ങിപ്പിച്ചു, മുഖ്യമന്ത്രിയുടെ കണ്ണടച്ച് അംഗീകരിച്ചാൽത്തന്നെ ഇവിടെ 9,000 ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്. 4 ലക്ഷം ടൺ കൊപ്ര, 600 കോടി രൂപയുടെ കൊപ്ര മാർക്കറ്റിൽ വരുന്ന സ്ഥലത്ത് 9,000 ടൺ കൊപ്ര സംഭരിച്ചുകൊണ്ട് ഈ രാജ്യത്തെ പ്രശ്നം പരിഹരിച്ചു. കൊപ്ര സംഭരിച്ച് വില പിടിച്ചുനിറുത്തിയെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. പരിഹാസ്യമായ അവകാശമാണിത്. ഇപ്പോഴും പറയുന്നത് തേങ്ങ സംഭരിക്കുമെന്നാണ്. നിങ്ങൾക്ക് സംഭരിക്കാൻ കഴിയുമോ ? കേരളത്തിലെ കോക്കനട്ട് ഡെവലപ്പ്മെൻറ് കോർപ്പറേഷന് പ്രതിദിനം 60 ടൺ കൊപ്ര കൈകാര്യം ചെയ്തത് വെളിച്ചെണ്ണയാക്കുന്നതിന് രണ്ട് മില്ലുകളുണ്ട്. ഒന്ന് ആറ്റിങ്ങലിലും മറ്റൊന്ന് കോഴിക്കോട്ടുമാണ്. ഇതുപോരെന്നുകരുതി 10 മില്ലുകൾകൂടി വാടകയ്ക്കെടുത്തു. 300 ദിവസത്തെ പ്രവൃത്തി കണക്കാക്കിയാൽ 50,000 ടൺ വാടകയ്ക്കെടുത്തിട്ടുള്ള മില്ലുകളുടെ കപ്പാസിറ്റിയും 36,000 ടൺ കൈവശമുള്ള മില്ലുകളുടെ കപ്പാസിറ്റിയും കൂട്ടിയാൽ 86,000 ടൺ കൊപ്ര കൈകാര്യം ചെയ്യുന്നതിനുള്ള കപ്പാസിറ്റി കോക്കനട്ട് ഡെവലപ്പ്മെൻറ് കോർപ്പറേഷനുണ്ട്. 86,000 ടൺ കൊപ്ര കൈകാര്യം ചെയ്യാൻ കപ്പാസിറ്റിയുള്ള കോർപ്പറേഷനോട് 18,300 ടൺ വാങ്ങിച്ചിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ കൊപ്ര വാങ്ങിക്കണമെന്നാണ് പറഞ്ഞത്. വാസ്തവത്തിൽ ഈ രാജ്യത്തെ കൊപ്ര സംഭരണം നിശ്ചലമാക്കിക്കൊണ്ട് ഈ രാജ്യത്തെ തെങ്ങുകൃഷിക്കാർക്ക് ആകെവന്ന ദുരിതത്തിനു മേൽ കുത്തകക്കാർക്കനുകൂലമായ ഒരു കല്ലുംകൂടി കയറ്റിവയ്ക്കുകയാണ് നിരുത്തരവാദപരമായി ചെയ്തിട്ടുള്ളത്. അതാണ് വാസ്തവം. ഞാൻ അധികം ദീർഘിപ്പിക്കുന്നില്ല. ഈ ഇറക്കുമതിക്കെതിരെ ശബ്ദിക്കാൻ നട്ടെല്ലില്ലാത്തതുമൂലവും നിരുത്തരവാദപരമായ കൊപ്രസംഭരണം വഴിയും ആ മില്ലുകൾ അടച്ചിട്ടു. ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മുഖ്യമന്ത്രി ഒരുപക്ഷെ പറയും മെയിൻറനൻസിനുവേണ്ടി അടച്ചിട്ടതാണെന്ന്. അങ്ങനെ പറയാൻ ഉദ്യോഗസ്ഥൻമാർ എഴുതി കൊടുത്തുകാണും ഇന്ന് കോഴിക്കോട് മില്ലിലും ആറ്റിങ്ങൽ മില്ലിലും ഒരു തുണ്ടു കൊപ്രയെങ്കിലും കൈവശമുണ്ടോ സർ ? പിന്നെ എങ്ങനെ മില്ലുകൾ പ്രവർത്തിക്കും. എന്തിനു നിങ്ങൾ അടച്ചിട്ടു.

LIBRARY ARCHIVES Kerala Legislative Assembly

കൊപ്ര പൊതുമേഖലയിൽ സംഭരിച്ച് വെളിച്ചെണ്ണയാക്കി വ്യാപാരംനടത്താതെ എങ്ങനെ ഈ കർഷകനെ രക്ഷിക്കുമെന്നാണ് പറയുന്നത്. കൃഷിക്കാരുടെ നേരെ ഇങ്ങനെ ഒരു സമീപനം സ്വീകരിച്ചത് കുറ്റകരമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ നിലപാടിനെതിരെ കർഷകരുടെ നേതൃത്വത്തിൽ ഇന്ന് പതിനായിരങ്ങൾ തീവണ്ടിതടയൽ സമരം ആരംഭിച്ചിരിക്കുകയാണ്. നിങ്ങൾക്ക് ഈ ചുവരെഴുത്തു വായിക്കാൻ കഴിയാത്തപക്ഷം ഞങ്ങൾക്ക് സമരം ചെയ്യേണ്ടിവരും. ഇത് നിങ്ങളുടെ മുന്നണിയുടെ കാര്യമല്ല. ഈ രാജ്യത്തിന്റെ, സംസ്ഥാനത്തിന്റെ കാര്യമാണ്. കേരളത്തിലെ കർഷകരാകമാനം അതിശക്തമായി രംഗത്തിറങ്ങി സമരം നടത്തിക്കൊണ്ട് ഈ രാജ്യം സ്തംഭിപ്പിക്കും, അല്ലെങ്കിൽ നിങ്ങളെ അടിച്ചിറക്കുമെന്നു പറയുകയാണ്. ഈ ജനദ്രോഹപരമായ നയത്തിൽ നിന്ന് പിൻമാറിക്കൊണ്ട് വെളിച്ചെണ്ണ ഇറക്കുമതി തടയാനും കൊപ്ര സംഭരിക്കാനും കർഷകരെ രക്ഷിക്കാനുമാവശ്യമായ നടപടിയിലേക്ക് നിങ്ങണമെന്നാണ് എനിക്ക് ഈയവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ നാളികേരകർഷകരെ സഹായിക്കാനാണ് ഇത് ഉന്നയിക്കുന്നതെങ്കിൽ തീർച്ചയായും സ്വാഗതാർഹമാണ്. എങ്കിൽ ഈ നിലയിൽ ഒരു സമീപനം സ്വീകരിക്കുമായിരുന്നുവെന്നാണ് വിനീതനായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആയിരവും ആയിരത്തിനു താഴെയും മാത്രം വിലയുണ്ടായിരുന്ന ഒരു സാഹചര്യത്തിൽ കൊപ്രയെ സംബന്ധിച്ച് അല്ലെങ്കിൽ നാളികേര കൃഷിക്കാരെ സംബന്ധിച്ച് അവർക്കാശ്വാസം നൽകാൻ യാതൊരു വ്യവസ്ഥയും നിലവിലില്ലാതിരുന്ന ഒരു സാഹചര്യത്തിൽ ഈ ഗവൺമെന്റ് അവർക്ക് ആശ്വാസം നൽകാനുള്ള നടപടികളുമായി മുന്നോട്ടു വന്നു. സർ, ആ നടപടി എത്താണ്ട് വലിയൊരാശ്വാസമാണെന്നു കരുതി എത്താനും ദിവസങ്ങൾക്കുമുമ്പ് നാളികേരത്തിന്റെ വില, കൊപ്രയുടെ വില 1,300 രൂപയായി വർദ്ധിപ്പിച്ചു. നാളികേരകർഷകരെ സഹായിക്കുന്നതിന്റെ പേരിൽ പ്രതിപക്ഷ മെമ്പർമാരുടെ ഭാഗത്തുനിന്നുമുണ്ടായ ആക്ഷേപമെന്താണെന്നുവച്ചാൽ ഈ ഗവൺമെന്റിനു് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല, ഇത് വാങ്ങിക്കാൻ ഒക്കുകയില്ല, ഇത് വാങ്ങിക്കില്ല എന്നാണ്. ഇത് ആരെ സഹായിക്കാനാണ്. ഈ ഒരു സംരംഭം വിജയിക്കില്ലെന്നു വന്നാൽ, വിജയിക്കില്ലെന്ന് നമ്മുടെ നാട്ടിൽ നിന്നു പറയുമ്പോഴും സ്വാഭാവികമായും മില്ലുടമസ്ഥൻമാർ എന്നാലൊന്ന് കാത്തിരിക്കാമെന്നു കരുതും. ഈ കൊപ്ര പകുതിവിലയ്ക്ക് തങ്ങൾക്ക് കിട്ടുമെന്ന് വെല്ലുവിളിച്ച ആളുകളുണ്ട്. ഇത് ഗവൺമെന്റ് വാങ്ങി സംഭരിച്ച് എന്തുചെയ്യുമെന്നാണ് ചോദ്യം ? ഇതിനുമുമ്പ് ഇതിനൊരു നടപടിക്രമങ്ങളില്ലായിരുന്നു. സംസ്ഥാനഗവൺമെന്റ് ഇത്രയും കാര്യങ്ങൾ ചെയ്തതിനിടയ്ക്കുതന്നെ കേന്ദ്രഗവൺമെന്റിനെ സമീപിച്ച്, കൃഷിവകുപ്പിനെ സമീപിച്ച്, ധനകാര്യവകുപ്പിനെ സമീപിച്ച് കൃഷിവകുപ്പ് ഇതിനൊരു താങ്ങുവില നിശ്ചയിക്കണമെന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതി പരിശോധിച്ച് തത്വത്തിൽ അംഗീകരിച്ചു. അഗ്രിക്കൾച്ചർ കമ്മീഷൻ പരിശോധിച്ച് തീരുമാനിക്കുന്നതുവരെ, സംസ്ഥാന ഗവൺമെന്റ് വാങ്ങിച്ച വിലക്ക് കൊപ്ര വാങ്ങിക്കാൻ നാഫെഡിനെ ചുമതലപ്പെടുത്തി. അവർ ഇവിടെവന്ന് കൊപ്ര വാങ്ങിക്കാൻ തുടങ്ങി. ഇതിനകം ഈ രണ്ട് ഏജൻസികളും മുഖേന 23,000 ടൺ കൊപ്ര വാങ്ങിച്ചു വിദഗ്ദ്ധാഭിപ്രായം ഞാൻ പറയുന്നില്ല. കാരണം ഞാൻ വിദഗ്ദ്ധനല്ല. എത്താണ്ട് ഒരു സീസണിൽ മാർക്കറ്റബിളായിട്ടുവരുന്നത് 35,000 ടണ്ണോളമാണ്. അത് കണക്കാക്കിക്കൊണ്ടാണ് ഇത് പർച്ചേയ്സ് ചെയ്യുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് ഏർപ്പെടുത്തിയത്

LIBRARY ARCHIVES Kerala Legislative Assembly

ഈ വാങ്ങിച്ച കൊപ്ര സൂക്ഷിച്ചുവച്ചാൽ കേടുവന്നുപോകും, പിന്നീട് അത് കുറഞ്ഞവിലയ്ക്ക് കൊടുക്കാൻ നിർബന്ധിതമാകുമെന്നുള്ളതുകൊണ്ടു തന്നെ ഗവൺമെൻറ് മാറ് ചില നടപടികളും സ്വീകരിച്ചു. ആ നടപടി കൊപ്ര വെളിച്ചെണ്ണയാക്കി കമ്പോളത്തിലെത്തിക്കുകയെന്നുള്ളതാണ്. ഇവിടെ വെളിച്ചെണ്ണയുപയോഗിച്ചിരുന്ന സ്ഥാനത്ത് വളരെയധികം പാമോലിൻ ഉപയോഗിക്കാൻ തുടങ്ങിയിരുന്നു. പാമോലിൻ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വില കുറച്ചുകിട്ടുന്നതാണ്. മാത്രമല്ല വെളിച്ചെണ്ണയിൽ കൊളസ്ട്രോൾ ഉള്ളതുകൊണ്ട് ആളുകൾ അതിന്റെ ഉപയോഗം കുറച്ചു. പാമോലിൻ വലിയ അപകടമില്ലാത്തതാണെന്ന ഒരു ധാരണ പരന്നതോടുകൂടി പാമോലിൻ കൂടുതലായി ഉപയോഗിക്കാൻ തുടങ്ങി. ഇങ്ങനെ വന്നപ്പോൾ വെളിച്ചെണ്ണ വാങ്ങിക്കാൻ ആളുകൾ കുറഞ്ഞു. അതിന്റെ ഫലമായി നമ്മുടെ നാട്ടിലുണ്ടാകുന്ന നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയും വില കുറഞ്ഞു. ഇതിന് എന്താണ് പരിഹാരമെന്നുനോക്കി. അതിനുവേണ്ടി പാമോലിൻ കമ്പോളത്തിൽ വിടാതെ സംസ്ഥാന ഗവൺമെൻറ് പിടിച്ചുനിറുത്തി. എന്നിട്ട് ജനങ്ങൾ വെളിച്ചെണ്ണ വാങ്ങിക്കാൻവേണ്ടി, ആകർഷിക്കാൻവേണ്ടി 20-ം 25-ം രൂപ വിലവരുന്ന വെളിച്ചെണ്ണ 15 രൂപക്ക് വിതരണം ചെയ്യാൻ ഏർപ്പാടുചെയ്തു. 23,000 ടൺ കൊപ്ര വാങ്ങിച്ചതിൽ 13,000 ടൺ കൊപ്ര വെളിച്ചെണ്ണയാക്കി വിതരണം ചെയ്തു. 2,000 ടൺ കൊപ്ര നാളികേര വികസന കോർപ്പറേഷനും 11,000 ടൺ നാഫെഡും അതുപോലെ നമ്മുടെ ഇവിടെയുള്ള ഏജൻസികളുമെല്ലാംകൂടി 23,000 ടൺ കൊപ്ര വാങ്ങിച്ച് വെളിച്ചെണ്ണയാക്കി വിതരണം ചെയ്തു തുടങ്ങി. നാളികേരവികസന കോർപ്പറേഷനിലെ ആളുകൾ വന്നിട്ട് ഇനി ഒരാഴ്ചത്തേയ്ക്കുള്ള കൊപ്ര മാത്രമേയുള്ളുവെന്ന് പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് കൊപ്ര വാങ്ങുന്നുണ്ട്, കാര്യങ്ങൾ മുന്നോട്ട് പോകുന്നുണ്ട്, നമുക്കാകെ രണ്ടുമില്ലുകളേയുണ്ടായിരുന്നുള്ളു, കൊപ്ര വെളിച്ചെണ്ണയാക്കി മാറ്റം ചെയ്യാൻവേണ്ടി 11 മില്ലുകൾ ഉണ്ട്. പുതിയതായി സ്വകാര്യമേഖലയിൽനിന്നും എടുത്ത 9 മില്ലുകളും നമ്മുടെ കൈവശമുള്ള രണ്ടുമില്ലുകളും കൂടെ 11 മില്ലുകളിൽ കൊപ്ര വെളിച്ചെണ്ണയാക്കി വിതരണം ചെയ്യുന്നുണ്ട്. ആവശ്യമായിവന്നാൽ മില്ലുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്. ഈ നടപടികളുടെയൊക്കെ ഫലമായിട്ട് നാളികേരകർഷകനാശ്വാസമുണ്ടായിട്ടുണ്ട്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നാളികേരത്തിന്റെ വില കാലാകാലങ്ങളായി കുറയുകയാണ് പതിവ്. ഒരുകാലത്തും ഈ സമയങ്ങളിൽ വില വർദ്ധിച്ചിട്ടില്ല. എന്നാൽ ഈ വർഷം കഴിഞ്ഞവർഷങ്ങളെ അപേക്ഷിച്ച് വില വർദ്ധിച്ചു. 116 രൂപയായി വില വർദ്ധിച്ചിട്ടുണ്ട്. അതിനിടയിലാണ് ഇന്നാ ഇവിടെ വിലകുറഞ്ഞുവെന്ന് പറഞ്ഞ് ബഹളം. ഇതിന്റെ വില ഒന്നുറപ്പിച്ച് നമുക്ക് മുന്നോട്ടു പോകാൻകഴിയുമെന്നുവരുമ്പോഴേയ്ക്കും 6,000 ടൺ വെളിച്ചെണ്ണ ബോംബെയിൽ ഇറക്കുമതി ചെയ്തിരിക്കുന്നുവെന്നു പറഞ്ഞതായി ബഹളം. എന്നാൽ പിറ്റെ ദിവസം ഇവിടെ വില കുറഞ്ഞു. ഈ വാർത്ത പ്രചരിപ്പിക്കുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് ബോംബെയിലെ കുത്തകമുതലാളിമാരായ മില്ലുകാരാണെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. നമ്മൾ സൂക്ഷിക്കേണ്ട കാര്യമാണ്. മില്ലുകാരെ സംബന്ധിച്ചിടത്തോളം കർഷകരുടെയിടയിൽ ഒരു ഭീതിയുണ്ടാക്കണമെന്ന ലക്ഷ്യമാണുള്ളത്. ഇനി രക്ഷയുണ്ടാകില്ലെന്നുകരുതി കർഷകരെ കൊപ്ര കിട്ടിയ വിലയ്ക്ക് കൊടുക്കാൻ മാനസ്സികമായി പ്രേരിപ്പിക്കുന്ന പ്രചരണ തന്ത്രങ്ങളാണ് ഈ കുത്തകമുതലാളിമാർ ചെയ്യുന്നത്. പ്രതിപക്ഷം താല്പര്യമെടുത്ത് ഉന്നയിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഈ പ്രചരണങ്ങളിലൂടെ കുത്തകമുതലാളിമാർക്ക് സഹായകമായ ഒരു നില

LIBRARY ARCHIVES Kerala Legislative Assembly

പാടിൽ ചെന്നെത്താതിരിക്കുന്നതിനുവേണ്ടി നമുക്ക് കൂട്ടായിട്ട് പ്രവർത്തിക്കാൻ ശ്രമിക്കണം. നാളികേരകർഷകരുടെ പ്രശ്നം പരിഹരിക്കാൻ ഗവൺമെൻറ് ആവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇനിയും എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ അത് ചെയ്യാനും ഈ ഗവൺമെൻറ് തയ്യാറാണ്. സംസ്ഥാനത്തിൻെറ സാമ്പത്തികഘടനയിൽ പ്രമുഖമായ ഒരു സ്ഥാനമാണ് നാളികേരത്തിനുള്ളത്, വിശേഷിച്ചും നാളികേരകർഷകനുള്ളത്. അവരെ സംരക്ഷിക്കാനാവശ്യമായ എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. രാജൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം കേട്ടപ്പോൾ നമ്മുടെ സംസ്ഥാനത്തെ നാളികേര കൃഷിക്കാർക്കെല്ലാം വളരെ സുഭിക്ഷമായി കിട്ടേണ്ടതെല്ലാം കിട്ടി എന്നാണ് തോന്നുന്നത്. കൊപ്ര സംഭരിക്കാൻ ആവശ്യമായ മെഷീനറിയൊക്കെയുണ്ട് എന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ഞാൻ താമസിക്കുന്ന സ്ഥലംപോലുള്ള

[4.00 P.M.] സ്ഥലങ്ങളിൽ വളരെയേറെ നാളികേരം ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങളാണ്. എന്നാൽ ആ പ്രദേശങ്ങളിൽ കൊപ്ര സംഭരിക്കുന്ന ഏർപ്പാടില്ല. ചില ജില്ലകളിൽ ഒരു മണ്ഡലത്തിൽതന്നെ ആറോ ഏഴോ ഏജൻസികളെ ഇതിനുവേണ്ടി നിശ്ചയിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂരിനെപ്പറ്റി പറയുകയാണെങ്കിൽ അവിടെ ഒരു ഏജൻസിപോലുമില്ല. അവിടെ അദ്ദേഹം ഇവിടെ പറഞ്ഞ വില കിട്ടുന്നില്ല. അങ്ങനെ വന്നപ്പോൾ കൊപ്ര സംഭരണം തമിഴ്നാട്ടിൽനിന്ന് അത്യാവശ്യമുള്ള കൊപ്ര ഇവിടെ കൊണ്ടുവന്നിട്ട് അവ സംഭരിക്കുന്ന ആളുകളുമായി ചില ഏർപ്പാടുകൾ ചെയ്യുന്നു എന്നു പറഞ്ഞത് സത്യമായിരിക്കും. അതുകൊണ്ട് നമ്മുടെ നാട്ടിൽ നാളികേര കൃഷിക്കാർക്ക് യഥാർത്ഥ വില കിട്ടാൻ നാളികേരം അതാത് പ്രദേശങ്ങളിൽ സംഭരിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യാൻ ഗവൺമെൻറ് തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : അതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിയുംവേഗം അത് ആരംഭിക്കുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കേരളത്തിലെ നാളികേര പ്രശ്നത്തെ മുൻനിർത്തി ഇന്നേ ദിവസം കേരള കർഷക സംഘത്തിൻെറ ആഭിമുഖ്യത്തിൽ ട്രെയിൻ പിക്കറ്റിംഗ് പരിപാടി നടത്തിയിരിക്കുകയാണ്. പതിനായിരക്കണക്കിന് വോളൻറിയർമാർ ട്രെയിൻ പിക്കറ്റിംഗ് പരിപാടിയിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചിട്ടുണ്ട്. അറസ്റ്റ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും പതിനായിരക്കണക്കിന് കൃഷിക്കാരായ വോളൻറിയർമാരെ അറസ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. അവരുടെ മുഖ്യമായ ആവശ്യം നാളികേരത്തിന് ഇന്ന് നിശ്ചയിച്ചിരിക്കുന്ന 1100 രൂപ വളരെ കുറവാണ് എന്നുള്ളതാണ്. അഗ്രിക്കൾച്ചറൽ പ്രൈസ് കമ്മീഷൻ നിശ്ചയിച്ച ഈ തുക വളരെ കുറവാണ്. അത് വർദ്ധിപ്പിക്കാനുള്ള പ്രായോഗിക നടപടി ഈ ഗവൺമെൻറ് എടുക്കാൻ സന്നദ്ധമാണോ ? ഇറക്കുമതി പൂർണ്ണമായും നിരോധിക്കാൻ കേന്ദ്രഗവൺമെൻറിൽ നിവേദനം നടത്താൻ ഈ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : നാളികേരത്തിൻെറ വില വർദ്ധിക്കാൻ റെയിൽ തടയൽ ഒരു നല്ല ഒറ്റമൂലിയാണെങ്കിൽ എളുപ്പവും വളരെ നല്ല കാര്യവുമാണ്. പക്ഷേ വാസ്തവത്തിൽ ഇതുകൊണ്ട് പ്രയോജനമൊന്നുമില്ല എന്നുള്ളതു നമുക്കറിയാം. 1100 രൂപ എന്നുള്ളത് താല്ക്കാലികമായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്. കമ്മീഷൻ അതിൻെറ മുഴുവൻ കോസ്റ്റും പരിശോധിച്ചിട്ട് ഇത് റിവൈസ് ചെയ്യും. അങ്ങനെ റിവൈസ് ചെയ്യുമ്പോൾ അത് വർദ്ധിപ്പിച്ചുകിട്ടാൻ വേണ്ടിയുള്ള എല്ല രേഖകളും നമുക്ക് ഹാജരാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ : സംസ്ഥാന ഗവൺമെൻറിൻെറ നടപടികൾ മൂലം കുത്തനെയുണ്ടായിട്ടുള്ള വിലയിടിവിന് അല്പമൊരാശ്വാസമുണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളത് ശരിയാണ്. അതേ സമയം കേന്ദ്രഗവൺമെൻറിൽ നിന്നും ഇപ്പോഴും വെളിച്ചെണ്ണയോ കൊപ്രയോ ഇറക്കുമതി ചെയ്യുന്നുണ്ടോ? ഓപ്പൺ ജനറൽ ലൈസൻസ് അനുസരിച്ചുള്ള ലിസ്റ്റിൽ ഇതുകൂടി ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ഇവ ഇറക്കുമതി ചെയ്യുന്നതായിട്ടാണറിയുന്നത്. ആ ലിസ്റ്റിൽനിന്നും പൂർണ്ണമായി വെളിച്ചെണ്ണയേയും കൊപ്രയേയും ഒഴിവാക്കി ഇറക്കുമതി പൂർണ്ണമായി നിരോധിക്കാൻവേണ്ടി നമ്മുടെ ഭാഗത്തുനിന്നും ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്നുള്ളതും വ്യക്തമാക്കുമോ?

ശ്രീ. കെ. കരുണാകരൻ : കേന്ദ്ര ഗവൺമെൻറ് ഇറക്കുമതി ചെയ്യുന്നില്ല എന്നു പറഞ്ഞ് നമുക്ക് രേഖാമൂലം മറുപടി അയച്ചിട്ടുണ്ട്. ഈ കാര്യത്തിൽ കോമേഴ്സ് മിനിസ്ട്രിയേയും എസ്.എസ്. ടി. സി. യേയും കോൺടാക്ട് ചെയ്തു. അവർ പറഞ്ഞു ഇതുവരെ ഒന്നുംതന്നെ ഇറക്കുമതി ചെയ്തിട്ടില്ല എന്നു മാത്രമല്ല 500 ടൺ കൊപ്ര നമ്മുടെ ഇപ്പോൾ കയറ്റി അയച്ചിരിക്കുകയുമാണ്.

ശ്രീ. എ. സി. ജോസ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ കൊപ്ര കയറ്റുമതി ചെയ്യുന്നുണ്ട് എന്നു പറഞ്ഞു. ലോകമാർക്കറ്റിൽ കൊപ്രയ്ക്ക് കൂടുതൽ ഡിമാൻറ് ഉള്ള നിലയ്ക്ക് കൂടുതൽ കൊപ്ര കയറ്റുമതി ചെയ്യുന്നതിന് എസ്. ടി. സി. യേയോ മറ്റ് ഗവൺമെൻറ് ഏജൻസികളേയോ സമ്മർദ്ദം ചെലുത്തി അതേക്കുറിച്ച് എന്തെങ്കിലും നടപടിയെടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : വിലയുടെ കാര്യത്തിൽ നമ്മുടെ ഇവിടത്തെ വിലയുടെ പകുതിയെ വേൾഡ് മാർക്കറ്റിലുള്ളൂ. അതുകൊണ്ടാണ് കയറ്റി അയക്കാൻ സാധിക്കാതെ വരുന്നത്. എങ്കിലും ഇപ്പോൾ അയക്കുന്ന രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് മറ്റ് രാജ്യങ്ങളുമായി ബന്ധമില്ലാത്തതാണ്.

ശ്രീ. ഇ. കെ. നായനാർ : രാജ്യസഭക്ക് എം. എൽ. എ. മാർ അയച്ച ഒരു പെറ്റീഷൻെറ അടിസ്ഥാനത്തിൽ രാജ്യസഭ നിശ്ചയിച്ചിട്ട് ഒരു കമ്മീഷൻ ഇവിടെ വന്നു തെളിവെടുത്തു. ശ്രീ. സുകു എന്ന ആൾ ഗവൺമെൻറ് ആഫീസറാണ്. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ആ കമ്മീഷൻ ഇവിടെ വന്ന് തെളിവെടുത്ത് റിപ്പോർട്ട് സബ്മിറ്റ് ചെയ്തു. അതിൽ അവർ പറഞ്ഞിരിക്കുന്നത് മിനിമം 1500 രൂപയായി നിശ്ചയിക്കണമെന്നാണ്. ഇപ്പോൾ നമുക്ക് 1200 രൂപയാണ് നാം മൂവായിരമൊക്കെ പറഞ്ഞതെങ്കിലും ഇപ്പോൾ 1500 നെങ്കിലും നാഫെഡ് എടുക്കണമെന്ന് ഇൻഡ്യാ ഗവൺമെൻറ് ഒരു റക്കമൻേറഷൻ നടത്തിയിട്ടുണ്ട്. നമ്മുടെ കുറേക്കൂടി സമ്മർദ്ദം ചെലുത്തിയാൽ അത് സാധിക്കുമോ എന്നുള്ളത് പരിശോധിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : തീർച്ചയായും ഗവൺമെൻറ് സമ്മർദ്ദം ചെലുത്താം.

ശ്രീ. കെ. പി. പ്രഭാകരൻ : ഓപ്പൺ ലിസ്റ്റിൽ ഇറക്കുമതി ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ചെയ്യുന്നില്ല എന്നു പറഞ്ഞു. ഓപ്പൺ ജനറൽ ലൈസൻസിൽ കയറ്റുമതിയുടെ പ്രോത്സാഹനമായിട്ട് ഇറക്കുമതി ചെയ്യുന്ന കുറേ ഐറ്റംസ് ഉണ്ട്. അക്കൂട്ടത്തിൽ ഇവയുടെ ഇറക്കുമതി ഇല്ല എന്ന് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. പക്ഷേ ആ ലിസ്റ്റിൽ നിന്ന് വെളിച്ചെണ്ണയും കൊപ്രയും നീക്കുന്നതിന് പ്രയാസമെന്താണ് ? അതിൻെറ തടസ്സമെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ഇറക്കുമതി ചെയ്യുന്നില്ല എന്ന് ഗവൺമെൻറ് ഓഫ് ഇൻഡ്യ രേഖാമൂലം അറിയിച്ചാൽ പിന്നെ ലീസ്റ്റിൽ നിന്നും മാറ്റണമെന്ന് പറയേണ്ടതില്ലല്ലോ.

ശ്രീ. പി. സി. ജോർജ്ജ് : ഗവൺമെൻറ് നാളികേരത്തിന്റെ വില ഉർദ്ധിപ്പിക്കുന്നതിന് എടുത്ത നടപടികളെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടിയിൽ കൊപ്ര കയറ്റുമതി നടത്തുന്നതിൽ വിലയുടെ പ്രശ്നമുണ്ടെന്ന് പറഞ്ഞു. പഞ്ചസാര കയറ്റുമതി ചെയ്യുന്നു. നഷ്ടം സഹിച്ചുകൊണ്ട് ഗവൺമെൻറ് തന്നെ ഈ പഞ്ചസാര യെടുത്ത് കയറ്റുമതി നടത്തുകയാണ്. ഇതുപോലെ ശക്തമായ ഒരു നടപടി സ്വീകരിക്കാൻവേണ്ടി ഇതേക്കുറിച്ച് ആലോചിക്കാൻ ഗവൺമെൻറിന് കഴിയുമോ ?

ശ്രീ. കെ. കരുണാകരൻ : അതിനേക്കാം ലാഭമായിരിക്കും. അത്രയും രൂപ ഇവിടെ നാളികേര കർഷകർക്ക് വിതരണം ചെയ്താൽ. അത്ര വലിയ വ്യത്യാസം വരും.

ശ്രീ. ലോനപ്പൻ നമ്പാടൻ : നാളികേരവും മില്ലുകളും കൂടുതലുള്ള മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനമായ ഇരിങ്ങാലക്കുടയിൽ കൊപ്ര വാങ്ങുന്നതിനുള്ള നടപടി ഉടൻ ആരംഭിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : തീർച്ചയായും ഇരിങ്ങാലക്കുട ഇതിൽപെടുത്തേണ്ടതാണ്. ലിസ്റ്റിൽ പെട്ടിട്ടില്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നത് ഇൻഡസ്ട്രിയൽ ഓയിൽ എന്ന പേരിൽ ആണ് എന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതുകൊണ്ട് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നില്ല എന്നുള്ള മറുപടി വരുമ്പോഴത്തന്നെ ഇൻഡസ്ട്രിയൽ ഓയിൽ എന്ന പേരിൽ കളവായി വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തി അതിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇന്നലേയും എസ്സ്. ടി. സ്റ്റീ. യിൽ അന്വേഷിച്ചപ്പോഴും രണ്ടു നിലയിലും ഇറക്കുമതി ചെയ്യുന്നില്ല എന്നാണ് വിവരം കിട്ടിയത്.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1986 മാർച്ച് മാസം 26-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.07-ന് സഭ പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly